# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 354 04/02/2013 - ൽ മറുപടിയ്ക്ക്

## ജയിലുകളിലെ മൊബൈൽ ഫോൺ ഉപയോഗം

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ജയിലുകളിൽ മൊബൈൽ ഫോൺ ഉപയോഗം വ്യാപകമായി നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ ചില ജയിലുകളിൽ തടവുകാർ നിയമ വിരുദ്ധമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായി ജയിൽ വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) നിലവിലുള്ള മൊബൈൽ ജാമറുകളുടെ ഫ്രീക്വൻസി കുറച്ചു വയ്ക്കുന്നതും, അത്യാധുനിക മൊബൈൽ ജാമറുകൾ ലഭ്യമാക്കാത്തതുമാണ് ജയിലുകളിൽ മൊബൈൽ ഉപയോഗം കുറയ്ക്കുവാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നത് എന്നത് ബോധ്യപ്പെട്ടിട്ടുണ്ടോ; | (ബി) നിലവിൽ കണ്ണൂർ സെൻട്രൽ ജയിലിൽ മാത്രമാണ് മൊബൈൽ ജാമറുകൾ സ്ഥാപിച്ചിട്ടുള്ളത്. ജാമറുകൾ ഫ്രീക്വൻസി കുറഞ്ഞതായതുകൊണ്ടും, ജാമറുകൾ തടവുകാർ കേടു വരുത്തിയതുകൊണ്ടും മൊബൈൽ ഫോൺ ഉപയോഗം ഫലപ്രദമായി തടയാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ കർശനമായ പരിശോധന നടത്തിവരുന്നുണ്ട്. ഉയർന്ന ഫ്രീക്വൻസി മൊബൈൽ ജാമറുകൾ ഉപയോഗിക്കുമ്പോൾ പരിസരവാസികൾക്ക് മൊബൈൽ ഉപയോഗിക്കാനാവാതെയും വരും. |
| (സി) ഇക്കഴിഞ്ഞ വർഷം കേരളത്തിലെ ജയിലുകളിൽ നിന്നും കസ്റ്റഡിയിൽ എടുത്ത മൊബൈൽ ഫോണുകളുടെ എണ്ണം ജയിൽ തിരിച്ച് അറിയിക്കുമോ ; | (സി) ജില്ലാ ജയിൽ , കോഴിക്കോട് - 2<br>ജില്ലാ ജയിൽ , എറണാകുളം - 1 |
| (ഡി) ജയിലുകളിലെ മൊബൈൽ ഉപയോഗം ഒഴിവാക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ? | (ഡി) ജയിലുകളിൽ തടവുകാർ അനധികൃതമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് തടയുന്നതിനായി ജയിലുകളിൽ നിരന്തരം പരിശോധനകൾ കർശനമായി നടത്തി വരുന്നുണ്ട്. തടവുകാരെ കൂടുതൽ പാർപ്പിച്ചിട്ടുള്ള ജയിലുകളിൽ മൊബൈൽ ജാമറുകൾ സ്ഥാപിക്കാൻ ജയിൽ വകുപ്പ് ആലോചിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ